**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4994** **01-11-2021 - ൽ മറുപടിയ്ക്ക്**

**കല്ലുമൊട്ടം കുന്ന് പ്രദേശത്തെ പട്ടയവുമായി ബന്ധപ്പെട്ട പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി വില്ലേജിന് കീഴിലെ കല്ലുമൊട്ടം കുന്ന് പ്രദേശത്തെ പട്ടയവുമായി ബന്ധപ്പെട്ട് പരാതി നിലവിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പരാതി എന്താണെന്നും അതിന്മേൽ വകുപ്പിന്റെ നിലപാട് എന്താണെന്നും വ്യക്തമാക്കുമോ? | (ബി) | മാനന്തവാടി താലൂക്ക് ലാൻഡ് ബോർഡിന്റെ ടി.എൽ.ബി 126/73 നമ്പർ കേസ് പ്രകാരം മാനന്തവാടി വില്ലേജിൽ മെസ്സേഴ്സ്. പാരിസൺ എസ്റ്റേറ്റിൽ നിന്നും വിവിധ സർവ്വെ നമ്പരുകളിലായി 402.71 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായിരുന്നതാണ്. ആയത് പ്രകാരം സർവ്വേ നമ്പർ 49/2-ൽ കല്ലുമൊട്ടൻകുന്ന് ഭാഗത്ത് 13.05 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിനായുള്ള സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഭൂമി താലൂക്ക് ലാൻഡ് ബോർഡ് ഏറ്റെടുക്കാൻ ഉത്തരവായ 402.71 ഏക്കർ ഭൂമിയിൽ ഉൾപ്പെട്ടുവരുന്നതാണ്. ഈ ഭൂമിയിൽ 37 കൈവശക്കാർ ഉള്ളതും അതിൽ 11 പേർക്ക് 1985 മുതൽ 1990 വരെയുള്ള കാലഘട്ടങ്ങളിലായി മാനന്തവാടി ലാൻഡ് ട്രിബ്യൂണലിൽ നിന്നും ക്രയസർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ലാൻഡ് ട്രൈബ്യൂണൽ നൽകിയ ക്രയസർട്ടിഫിക്കറ്റ് നിലനിർത്തി ഈ ഭൂമി സംബന്ധിച്ച മിച്ചഭൂമിയുമായി ബന്ധപ്പെട്ട താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവ് റദ്ദ് ചെയ്യണമെന്നതാണ് പരാതി. പാരിസൺ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് മിച്ചഭൂമി സീലിംഗ് കേസ് നിലനിൽക്കുന്ന സമയത്താണ് മേൽപ്പറഞ്ഞ ക്രയ സർട്ടിഫിക്കറ്റുകൾ നൽകിയത്. 402.71 ഏക്കറിൽ ഏറ്റെടുക്കാൻ വേണ്ടി സർവ്വേ നടപടികൾ ബാക്കിയുള്ള 389.66 ഏക്കർ സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർവ്വെ പൂർത്തീകരിച്ച ശേഷം മാത്രമെ ഇക്കാര്യം പരിശോധിച്ച് നിയമാനുസൃത തുടർ നടപടി സ്വീകരിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ